പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1583 | 01-11-2019-ലെ മറുപടിയ്ക്ക്

**പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തുണ്ടായ കാർഷിക നഷ്ടം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൻ.എ. നെല്ലിക്കുന്ന്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ വർഷം പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തുണ്ടായ കാർഷിക നഷ്ടങ്ങളുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | ഈ വർഷം പ്രളയത്തെത്തുടർന്ന് സംസ്ഥാനത്ത് കാർഷിക മേഖലയിൽ 166992.46 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതായാണ് പ്രാഥമിക വിലയിരുത്തൽ. കൃഷി വകുപ്പിന്റെ പുതിയ സ്മാർട്ട് സോഫ്റ്റ്.വെയർ പ്രകാരം 26.10.2019 വരെയുള്ള പ്രാഥമിക റിപ്പോർട്ട് പ്രകാരമുള്ള ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇത്തരത്തിൽ നഷ്ടം സഹിക്കേണ്ടി വന്ന കൃഷിക്കാരെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും ഈ പദ്ധതികളുടെ അടിസ്ഥാനത്തിൽ ഇതിനകം കർഷകർക്ക് നൽകിയ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ബി) | വിളനാശം സംഭവിച്ച കർഷകർക്ക് വിളകൾക്കുള്ള നാശത്തിന്റെ അടിസ്ഥാനത്തിൽ എസ്.ഡി.ആർ. ഫണ്ടും, സംസ്ഥാന വിഹിതവും ചേർന്നുള്ള നഷ്ടപരിഹാരം നൽകുന്നതാണ്. ഇൻഷ്വർ ചെയ്ത വിളകൾക്ക് പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന നഷ്ടപരിഹാരം നൽകി വരുന്നു. കൂടാതെ കൃഷിയിടത്തിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയി നഷ്ടം ഉണ്ടായതിനും, കേടുവന്ന പമ്പുസെറ്റുകളുടെ അറ്റകുറ്റ പണികൾക്കും, ബണ്ടുകളുടെ പുനർ നിർമ്മാണത്തിനും കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് മാറ്റുന്നതിനുമായി എസ്.ഡി.ആർ. ഫണ്ടിൽ നിന്നും നഷ്ടപരിഹാരം നൽകുന്നുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ഭീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേനയും നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.<br>2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തെ തുടർന്ന് കൃഷി നാശം |

| | | | |
|---|---|---|---|
| | | | സംഭവിച്ച കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും പ്രകൃതിക്ഷോഭം പദ്ധതി പ്രകാരവും സംസ്ഥാന ഫണ്ടും എസ്.ഡി.ആർ. ഫണ്ടും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 55.60 കോടി രൂപ വിള ഇൻഷ്വറൻസ് പദ്ധതി വഴിയും 4.712 കോടി രൂപ പ്രകൃതിക്ഷോഭം പദ്ധതിയിലും വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | വില്ലേജ് അടിസ്ഥാനത്തിലാണോ പ്രളയത്തെത്തുടർന്നുണ്ടായ കാർഷികനഷ്ടം വിലയിരുത്തുന്നതെന്ന് വ്യക്തമാക്കാമോ; | (സി) & (ഡി) | വില്ലേജ് അടിസ്ഥാനത്തിലുള്ള അതാത് കൃഷി ഭവനിൽ നിന്നും ലഭിക്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് പ്രകൃതിക്ഷോഭം പദ്ധതിയിലും, വിള ഇൻഷ്വറൻസ് പദ്ധതിയിലും നഷ്ടം വിലയിരുത്തുന്നത്. പ്രധാനമന്ത്രി ഫസൽ ബീമാ യോജന പദ്ധതി പ്രകാരം വിളയുടെ സാധാരണ ഉല്പാദനത്തിനേക്കാളും 50% ൽ കൂടുതൽ വ്യതിയാനം വന്നാൽ നഷ്ടമായി കണക്കാക്കി ആനുകൂല്യം അനുവദിച്ചു വരുന്നു. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ ചുവടെ പറയുന്ന വില്ലേജുകളിൽ 10.5 കോടിയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. ഈ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**ആലപ്പുഴ** - ചമ്പക്കുളം, നെടുമുടി, കൈനകരി, എടത്വ, തലവടി, താമരക്കുളം, വീയപുരം, ചെറുതന, പട്ടണക്കാട്, കടക്കാരപ്പള്ളി, രാമങ്കരി, പുളിൻകുന്ന്, നീലംപേരൂർ, ആലപ്പുഴ മുനിസിപ്പാലിറ്റി, മണ്ണൻചേരി, പുന്നപ്ര നോർത്ത്, പുന്നപ്ര സൗത്ത്<br>**പത്തനംതിട്ട** - കൊടുമൺ, പള്ളിക്കൽ, വള്ളിക്കോട്, കവിയൂർ, പന്തളം തെക്കേക്കര<br>**കോട്ടയം** - കല്ലറ, അയ്മനം, കുമരകം, തിരുവാർപ്പ്, ആർപ്പൂക്കര, തലയാഴം, വൈക്കം, വെച്ചൂർ, ചെമ്പ്, നീണ്ടൂർ |
| (ഡി) | എങ്കിൽ ഏതെല്ലാം വില്ലേജുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും നഷ്ടം കണക്കാക്കാനും ആനുകൂല്യം വിതരണം ചെയ്യാനും സ്വീകരിച്ച മാനദണ്ഡങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ? | | |

Fesiy...

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ജില്ല | വിളനാശം (ഹെക്ടറിൽ) | പ്രാഥമിക റിപ്പോർട്ട് പ്രകാരമുള്ള നഷ്ടം (ലക്ഷത്തിൽ) |
|---|---|---|
| തിരുവനന്തപുരം | 6224.42 | 2513.95 |
| കൊല്ലം | 347.62 | 571.29 |
| ആലപ്പുഴ | 9034.18 | 9944.98 |
| പത്തനംതിട്ട | 1053.03 | 1790.63 |
| കോട്ടയം | 6359.87 | 7225.86 |
| ഇടുക്കി | 1785.25 | 4834.89 |
| എറണാകുളം | 2605.22 | 6771.09 |
| തൃശ്ശൂർ | 4072.31 | 10650.65 |
| പാലക്കാട് | 10118.79 | 52122.14 |
| മലപ്പുറം | 24984.27 | 21416.35 |
| കോഴിക്കോട് | 4324.12 | 4495.79 |
| വയനാട് | 17777.32 | 31242.39 |
| കണ്ണൂർ | 3557.22 | 12635.05 |
| കാസർഗോഡ് | 981.4 | 777.4 |
| **ആകെ** | **93225.02** | **166992.46** |

Fassythse

**സെക്ഷൻ ഓഫീസർ**